**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6394** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കന്ററി അദ്ധ്യാപകരുടെ (ഇംഗ്ലീഷ്) ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർസെക്കന്ററി അദ്ധ്യാപകരുടെ (ഇംഗ്ലീഷ്) എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വിശദമാക്കാമോ; | (എ) | ഹയർസെക്കന്ററി സ്കൂൾ ടീച്ചർ ഇംഗ്ലീഷ് തസ്തികയിൽ ആകെ 56 ഒഴിവുകളാണ് നിലവിലുള്ളത്. അതിൽ 24 ഒഴിവുകൾ എസ്.റ്റി വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റിനായും 4 എണ്ണം ഭിന്നശേഷിയുള്ളവർക്കായും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിൽ കേരളാ ഹയർസെക്കന്ററി സർവ്വീസ് സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം നൽകി നികത്തുന്നതിലേക്ക് മാറ്റി വെച്ചിരിക്കുന്നു. |
| (ബി) | അവശേഷിക്കുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരളാ ഹയർസെക്കന്ററി സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം എച്ച്.എസ്.എസ്.റ്റി ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം നൽകിയാണ് നികത്തേണ്ടത്. ആയതിനാൽ നിലവിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതില്ല. |

സെക്ഷൻ ഓഫീസർ